പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2400 — 01/04/2013-ൽ മറുപടിയ്ക്ക്

## ആനയെ എഴുന്നള്ളിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) | ഉത്സവപറമ്പുകളിൽ ആനകൾ ഇടഞ്ഞ് ഉണ്ടാകുന്ന അപകടങ്ങൾ ആവർത്തിക്കുന്നത് ദേവസ്വം വകുപ്പ് ഗൗരവമായി കാണുന്നുണ്ടോ; | എ) | ഉണ്ട് |
| ബി) | ക്ഷേത്രങ്ങളിൽ ആനയെ **എഴുന്നള്ളിക്കുന്നത് സംബന്ധിച്ച 2008-ലെ ചട്ടങ്ങളിലെ** വ്യവസ്ഥകൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ ദേവസ്വം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങളും ചട്ട**ത്തിന്റെ പകർപ്പും ലഭ്യമാക്കുമോ;** | ബി) | ഇത് സംബന്ധിച്ച് ദേവസ്വം വകുപ്പ് പ്രത്യേക **ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. നാട്ടാന പരിപാലന ചട്ട** പ്രകാരമുള്ള നടപടികൾ എല്ലാം തന്നെ ദേവസ്വം ബോർഡുകൾ പാലിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ **ദേവസ്വം ബോർഡുകൾ കർശനമായി പാലിച്ചു വരുന്നുണ്ട്.** |
| സി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര ക്ഷേത്രങ്ങളിൽ ആനയിടയുകയുണ്ടായി; ആയ**തിനെതുടർന്ന് എത്ര പേർക്ക് പരിക്കുപറ്റി; എത്രപേർ മരണ**പ്പെട്ടു;വ്യക്തമാക്കുമോ; | സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള അഞ്ച് ക്ഷേത്രങ്ങളിൽ ആന ഇടഞ്ഞ് 5 ആന പാപ്പാൻമാരെ കൊലപ്പെടുത്തിയിട്ടുണ്ട്. മലബാർ **ദേവസ്വം ബോർഡിന് കീഴിലുള്ള ഒരു ക്ഷേത്രത്തിൽ** ആന ഇടഞ്ഞ് ആനപ്പുറത്ത് ഉണ്ടായിരുന്ന തിടമ്പേറ്റിയ **ആൾ വീണ് പരിക്ക് പറ്റിയിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൻെറ കീഴിലുള്ള 4 ക്ഷേത്രങ്ങളിൽ ആനയി**ടയുകയും 6 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം ആനകൾ നാലിടങ്ങളിൽ ചെറിയ തോതിൽ ഇടയുകയുണ്ടായെങ്കിലും ആർക്കും മാരകമായ പരിക്കുകൾ ഉണ്ടായിട്ടില്ല. |
| ഡി) | ആനയെഴുന്നള്ളിപ്പ് സംബ**ന്ധിച്ച വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി** സ്വീകരിക്കുമോ? | ഡി) | ആനയെ എഴുന്നെള്ളിക്കുന്നതിന് റവന്യൂ, പോലീസ്, **വനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിൽ നിന്നും** ലഭിയ്ക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ